## മൂന്ന് കവിതകൾ

**ടി. അലിഹസൻ അമ്പലക്കണ്ടി**

### മഴ

ദാഹക്കീറ്
തുന്നിക്കെട്ടാൻ
ദൈവം നൽകുന്ന
വെള്ളിനൂൽ!



### ശരി



സത്യത്തെ
കൊളുത്തിവെക്കാൻ
വേണ്ടിയാവണം
ഒരു തല
വളച്ചുവെച്ചിരിക്കുന്നത്!

### മുറ്റം

എന്റെ സ്വപ്നങ്ങളെല്ലാം
ഇപ്പോഴും
ഹൃദയമുറ്റത്താണ്;
അകത്ത് കയറാതെ!



---

# മൗനമൊഴി

**സുമയ്യ, ഈസ്റ്റ് കോഡൂർ**

**ഇതൊരു യാത്രാമൊഴി,**
നിന്റെ വാചാലതയോട്.....
നീ ബാക്കിവെച്ച സ്വപ്നങ്ങളോട്....
നീ പറഞ്ഞു തുടങ്ങിയ
നിത്യസത്യങ്ങളോട്.....

*** *** ***

നിന്റെ ദൈവം
നിന്റേതു മാത്രമായിരുന്നു,
ദൈവത്തോടു സംവദിച്ചതും
നീയൊറ്റക്കായിരുന്നു,
ജീവിതവഴികളിൽ
നീയേറ്റുപിടിച്ച ഏകത്വം
ഈ യാത്രാമൊഴിയിലും
നിനക്കൊപ്പം......

*** *** ***

ഒരുപാട് നൂലിഴകൾ,
ഇന്നലെയും
നിന്നെപ്പിണഞ്ഞു കിടന്നു.
ആർക്കുമഴിക്കാനാകാതെ,
പൊട്ടിച്ച് വലിച്ചെറിയാനാകാതെ,
അവർ
നിനക്കു ചുറ്റും വലനെയ്യുകയാണ്.
നീ അനന്തരം നൽകിയ
അക്ഷരക്കൂട്ടങ്ങളെ
പിച്ചിച്ചീന്തുകയാണ്.

*** *** ***

എനിക്കറിയാം,
നീ മടങ്ങാൻ മടിക്കുന്നത്......
മിഴിതുറക്കാനറക്കുന്നത്.....
ഈ ശബ്ദക്കൂട്ടങ്ങളെ ഭയന്നിട്ടാണ്.
ഇനിയും,
നീ സ്വതന്ത്രയല്ല....
ഒച്ചകളുടെ പെരുമഴയിൽ...
നിന്റെ മൗനം വാചാലമാക്കാൻ
എനിക്കീ തൂലിക മാത്രം,
കുറേ ചേതനയറ്റ അക്ഷരക്കൂട്ടങ്ങളും.